# കേരള കാർഷിക സർവ്വകലാശാല
## പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം, പിലിക്കോട്
**കാസറഗോഡ്–671310,** 0467 226 0632, rarspil@kau.in


**ബി2–4250/2024** **തീയതി : 18.11 .2024**

## ദർഘാസ്/ലേല പരസ്യം

പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ 2025 ജനുവരി 1 മുതൽ 20 വരെ നടത്തുന്ന 'ആർ.എ.ആർ.എസ് ഫാം കാർണിവൽ –2025' എന്ന പ്രദർശന മേളയുടെ ഭാഗമായി ഐസ് ക്രീം വിൽപ്പന നടത്തുന്നതിന് താത്പര്യമുള്ള വ്യക്തികളിൽ/ ജി.എസ്.ടി രജിസ്ട്രേഷനുള്ള സ്ഥാപനങ്ങളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ദർഘാസ് ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷനുകൾ താഴെപറയുന്ന തീയതിയിൽ നടക്കുന്ന ലേലം/ക്വട്ടേഷൻ മുഖേന സ്ഥിരീകരിക്കുന്നതാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

- **നിരതദ്രവ്യം – 2,000/-**

- **"ഐസ് ക്രീം വിൽപ്പന നടത്തുന്നതിനുള്ള ദർഘാസ്"** എന്ന പുറത്തെഴുത്ത് രേഖപ്പെടുത്തിയ ദർഘാസ് **അസോസിയേറ്റ് ഡയറക്ടർ, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പിലിക്കോട്** എന്ന വിലാസത്തിൽ **25.11.2024 –ന് 2.00 മണിക്ക്** മുമ്പായി എത്തിക്കേണ്ടതോ ലഭിക്കേണ്ട വിലാസത്തിൽ അയക്കേണ്ടതോ ആണ്. ദർഘാസ്/ലേലം അന്നേ ദിവസം 2.30 –ന് നടത്തുന്നതായിരിക്കും.
- ക്വട്ടേഷൻ ലഭിക്കുന്ന ആൾക്കും കൂടെയുള്ള തൊഴിലാളികൾക്കും ഈ സ്ഥാപനത്തിന്റെ, ഫോട്ടോപതിപ്പിച്ച തിരിച്ചറിയൽ കാർഡ് നിർബന്ധമാണ്. ഇത് ലഭിക്കുന്നതിനായി ഫോട്ടോയും തിരിച്ചറിയൽ കാർഡുകളും സ്റ്റാൾ ഏറ്റെടുത്ത് നടത്തുന്നതിന് ഒരാഴ്ച മുൻപ് ഓഫീസിൽ ഹാജരാക്കേണ്ടതാണ്.
- മേൽ ദിവസങ്ങളിൽ രാവിലെ 11 മണി മുതൽ രാത്രി 10 മണിവരെ ആയിരിക്കും എക്സിബിഷൻ.
- കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ: 0467 226 0632,
- **ക്വട്ടേഷൻ സംബന്ധിച്ച നിബന്ധനകൾ.**
- ലേലം/ക്വട്ടേഷനിൽ ഏറ്റവും കൂടുതൽ തുകകൾ രേഖപ്പെടുത്തുന്നവർക്കായിരിക്കും ഐസ് ക്രീം വിൽപ്പന നടത്തുന്നതിന് അനുവാദം നൽകുന്നത്.
- അംഗീകൃത ഉപകരണങ്ങൾ/ഉല്പന്നങ്ങൾ മാത്രമേ വിൽക്കുവാൻ പാടുള്ളൂ. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവരുടെ ക്വട്ടേഷൻ റദ്ദുചെയ്യുന്നതായിരിക്കും.
- ക്വട്ടേഷൻ ലഭിക്കുന്നവർ ക്വട്ടേഷൻ/ലേല തുകയുടെ $^1/_3$ അന്നേ ദിവസം തന്നെ അടയ്ക്കേണ്ടതാണ്. ശേഷിക്കുന്ന തുക പൂർണ്ണമായും 7 ദിവസം മുൻപ് അടയ്ക്കേണ്ടതാണ്.
- ക്വട്ടേഷൻ ലഭിക്കുന്നവർ യാതൊരു വിധത്തിലുള്ള ലഹരി പദാർത്ഥങ്ങളും സ്റ്റാളുകളിൽ വിൽക്കാൻ പാടില്ല.
- ഗ്രീൻ പ്രോട്ടോക്കോൾ അനുസരിച്ച് മാത്രമേ വിഭവങ്ങൾ വിൽക്കുവാൻ പാടുള്ളൂ. ഒറ്റത്തവണ ഉപയോഗമുള്ള പ്ലാസ്റ്റിക്ക് സാധനങ്ങൾ സ്റ്റാൾ മുഖേന വിൽക്കുവാൻ പാടുള്ളതല്ല. മാലിന്യങ്ങൾ ടെണ്ടറുകാരൻ സ്വന്തം ഉത്തരവാദിത്തത്തിൽ നീക്കം ചെയ്യേണ്ടതാണ്.
- ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തി വിൽക്കുന്ന സാധനങ്ങൾക്കാവശ്യമായ FSSAI മുതലായ ഭക്ഷ്യസുരക്ഷാ വിഭാഗത്തിൽ നിന്നും ഉൾപ്പെടെയുള്ള ലൈസൻസ് നേടിയിരിക്കേണ്ടതാണ്. ആയതിന്റെ പകർപ്പ് ഫാം കാർണിവൽ തുടങ്ങുന്നതിന് 5 ദിവസം മുൻപ് ഓഫീസിൽ ഹാജരാക്കേണ്ടതാണ്.
- ആരോഗ്യ വകുപ്പിൽ നിന്നും ലഭിക്കുന്ന ഹെൽത്ത് കാർഡ് എല്ലാ തൊഴിലാളികൾക്കും ഉണ്ടായിരിക്കേണ്ടതാണ്.
- ഭക്ഷ്യ സാധനങ്ങൾ എല്ലാ ശുചിത്വ മാനദണ്ഡങ്ങളും പാലിച്ച് മാത്രമേ തയ്യാറാക്കി വിൽക്കുവാൻ പാടുള്ളൂ. വിൽക്കുന്ന സാധനങ്ങളുമായി ബന്ധപ്പെട്ട് ഏതെങ്കിലും സാഹചര്യത്തിൽ നിയമപ്രശ്നം ഉണ്ടായാൽ അവയ്ക്ക് ഈ സ്ഥാപനം ഉത്തരവാദി ആയിരിക്കുന്നതല്ല.
- ക്വട്ടേഷൻ ലഭിക്കുന്നവർ വൈദ്യുതിക്കുള്ള സംവിധാനം സ്വയം ഏർപ്പെടുത്തേണ്ടതാണ്.
- നിരത ദ്രവ്യം അസോസിയേറ്റ് ഡയറക്ടറുടെ പേരിൽ മാറാവുന്ന ഡിഡി/പണം, ഓഫീസിൽ നേരിട്ട് അടച്ച രസീതോ ആയി മാത്രമേ സ്വീകരിക്കുകയുള്ളൂ.

- ആദ്യ പൊതുലേലവും തുടർന്ന് ക്വട്ടേഷൻ തുറക്കുന്നതും ആവശ്യമെങ്കിൽ അന്നേ ദിവസം തന്നെ സന്നിഹിതരായവരുടെ സാന്നിദ്ധ്യത്തിൽ പുനർലേലം നടത്തുന്നതുമാണ്.
- ആവശ്യമായ ഭക്ഷ്യസുരക്ഷാ ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കാതിരുന്നാൽ ക്വട്ടേഷൻ ഉറപ്പിച്ച് പ്രവർത്തനം തുടങ്ങിയ ശേഷവും ഐസ്ക്രീം വിൽപ്പന പ്രവർത്തനാനുമതി പ്രത്യേക മുന്നറിയിപ്പ് ഇല്ലാതെ റദ്ദ് ചെയ്യുന്നതും നിരതദ്രവ്യം, ക്വട്ടേഷൻ തുക ഇവ സർവ്വകലാശാലയ്ക്ക് മുതൽക്കൂട്ടാക്കുന്നതുമായിരിക്കും.
- കാരണം കാണിക്കാതെയും യാതൊരു മുന്നറിയിപ്പില്ലാതെയും പ്രവർത്തനാനുമതി റദ്ദ് ചെയ്യാനുള്ള പൂർണ്ണ അധികാരം അസോസിയേറ്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

**ഇതര നിബന്ധനകൾ**

- നിശ്ചിത സമയം കഴിഞ്ഞ് ലഭിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല. .
- ദർഘാസ് സ്വീകരിക്കുന്നതിനോ കാരണം കാണിക്കാതെ തള്ളിക്കളയുന്നതിനോ ഉള്ള പൂർണ്ണ അധികാരം അസോസിയേറ്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. സർക്കാർ ദർഘാസിന്റെ പ്രസക്തമായ എല്ലാ നിയമങ്ങളും ഇതിനും ബാധകമാണ്.
- ക്വട്ടേഷൻ ഉറപ്പിക്കുന്ന വ്യക്തി ഈ ഓഫീസിൽ നിന്നുള്ള ഓർഡർ/നിർദേശങ്ങൾപൂർണ്ണമായി അനുസരിക്കുന്നതിന് ബാധ്യസ്ഥനായിരിക്കും. അല്ലാത്തപക്ഷം തക്കതായ നടപടികൾ സ്വീകരിക്കുന്നതും നിരത ദ്രവ്യം സർവകലാശാലയ്ക്ക് മുതൽ ക്കൂട്ടാക്കുന്നതുമായിരിക്കും
- ദർഘാസ് ദിവസം ഏതെങ്കിലും കാരണവശാൽ അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.
- സർക്കാർ ക്വട്ടേഷന്റെ എല്ലാ നിബന്ധനകളും ഇതിനും ബാധകമാണ്.
- നികുതികൾ ബാധകമെങ്കിൽ അത് ക്വട്ടേഷൻ ലഭിച്ച വ്യക്തിയിൽ നിന്ന് ഈടാക്കുന്നതാണ്. ക്വട്ടേഷൻ കാലയളവിൽ സ്വീകരിച്ചിരിക്കുന്ന നിരക്ക് യാതൊരു കാരണവശാലും കുറയ്ക്കുന്നതല്ല

ഒപ്പ്/-
ഡോ :ടി. സജിതറാണി
അസോസിയേറ്റ് ഡയറക്ടർ i/c

പകർപ്പ്:

1. പഞ്ചായത്ത് ഓഫീസ് പിലിക്കോട്/ചെറുവത്തൂർ, നീലേശ്വരം മുനിസിപ്പാലിറ്റി
2. നോട്ടീസ് ബോർഡ്, ഓഫീസ്/ഫാം
3. ഡോ : രാജേഷ് കല്ലാടൻ ,അസിസ്റ്റന്റ് പ്രൊഫസർ
4. വെബ്സൈറ്റ്

**// അംഗീകാരത്തോടെ//**

**സെക്ഷൻ ഓഫീസർ**